ദേഹോപദ്രവം

* ൨൧൫. (൧൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി പറയുമോ.—

(എ) പുതിയ വിദ്യാഭ്യാസ പദ്ധതിയനുസരിച്ചു പ്രവർത്തിക്കാത്ത മാനേജരന്മാരോടുള്ള പ്രതിഷേധ സൂചകമായി പണിമുടക്കിയ അദ്ധ്യാപകന്മാരെ "ഓടക്കോടുവിള" എന്ന സ്ഥലത്തുവച്ച് ദേഹോദ്രവം ഏല്പിച്ചതിനെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) അതിനെപ്പറ്റി എന്തു ചെയ്തു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സന്താന നിയന്ത്രണം

* ൨൧൭. (൧൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സഭയം മറുപടി നല്കുമോ.—

(എ) സന്താന നിയന്ത്രണത്തിനു അശാസ്ത്രീയമായ പ്രയോഗങ്ങൾ ഈ രാജ്യത്തു പലരും നടത്തുന്നതായും, അതിൽവച്ച് അപകടം നേരിടുന്നതായും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) സന്താന നിയന്ത്രണം സംബന്ധിച്ച് വേണ്ടതു ചെയ്യുന്നതിനു ഗവൺമെണ്ടിൽനിന്നു നടപടികൾ കൈക്കൊള്ളണമെന്നു കാണിച്ചു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) തിരുവനന്തപുരം കോർപ്പറേഷൻ പാസ്സാക്കിയ ഒരു പ്രമേയം കിട്ടിയിട്ടുണ്ട്.

ബധനി ബാലികാമഠം

* ൨൨൦. (൧൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയം മറുപടി പറയുമോ.—

(എ) നങ്ങ്യാർകുളങ്ങര ബധനി ബാലികാമഠം ഇംഗ്ലീഷ് ഹൈസ്കൂളിൽ ബോർഡിംഗിൽ താമസിച്ചിരുന്ന ഒരു വിദ്യാർത്ഥിനി സന്ധ്യയ്ക്കു നാമംജപിച്ചതിനു ടി വിദ്യാർത്ഥിനിയെ രണ്ടു ദിവസം ആഹാരം കൊടുക്കാതെ മുറിക്കുള്ളിൽ പൂട്ടിയിട്ടിരുന്നതായി ഒരു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ വല്ല നടപടിയും നടത്തിയോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly